ഉത്തരം.

അടുത്തയാഴ്ചയിലെ ബഡ്ജറ്റ് തുകകൊടുക്കുന്നതിനുവേണ്ടിയാണ് ഈ പ്രദേശങ്ങളിലേയ്ക്ക് എലക്ട്രിസിറ്റി നീട്ടുന്ന കാര്യം പരിഗണിക്കുന്നതാണ്.

റോഡ് ടാർ ചെയ്യുന്നതിനുള്ള അപേക്ഷ.

287. [26] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്തനംതിട്ട താലൂക്കിൽ അറന്മുള ടൗൺഭാഗത്തുള്ള റോഡ് ടാർ ചെയ്യുന്നതിനുള്ള എർപ്പാട് ഗവണ്മെൻറ് ചെയ്യുമോ?

ഉത്തരം.

എർപ്പാട് ചെയ്യാം.

നെൽക്കൃഷിക്കാർക്ക് സൗജന്യങ്ങൾ.

288. [27] താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽക്കൃഷിക്കാർക്ക് 1-7-49 മുതൽ എന്തെല്ലാം സൗജന്യങ്ങൾ ഗവണ്മെൻറിൽ നിന്നും ചെയ്തിട്ടുണ്ട്;

(ബി) പമ്പിംഗ് സബ്സിഡി, മൺവർലോൺ ഈ ഇനങ്ങളിൽ നെൽക്കൃഷിക്കാർക്ക് എന്തെല്ലാം സൗജന്യങ്ങൾ എന്നു മുതൽ നൽകിവരുന്നു;

(സി) മേൽപ്പറഞ്ഞ രണ്ടിനങ്ങളിലായി നെൽക്കൃഷിക്കാരുടെ പക്കൽനിന്നും സൗജന്യം കൊടുത്തതു കഴിച്ച് എത്രയുക ഗവണ്മെൻറിലേയ്ക്ക് ഇടയായി കഴിഞ്ഞിട്ടുണ്ട്;

(ഡി) ഇനി എന്തെങ്കിലും ഇടാകുവാനുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്ര രൂപ;

(എഫ്) ഏതു കൊല്ലം മുതൽ;

(ജി) നെൽക്കൃഷിക്കാർക്ക് പൊതുവായും, കുട്ടനാട്ടിലെ പുഞ്ചക്കൃഷിക്കാർക്ക് പ്രത്യേകമായും നൽകിവരുന്ന സൗജന്യങ്ങൾ എന്തൊക്കെയാണെന്ന് വേർതിരിച്ചു പറയാമോ;

(എച്ച്) സ്റ്റേറിലാകമാനമുള്ള നെൽക്കൃഷിസ്ഥലത്തിൽ ആകെ എത്ര ഏക്കറാണ്.

(ഐ) അവയിൽ:—

(എ) ഒരുപ്പൂവ്.
(ബി) ഇരുപ്പൂവ്.
(സി) കോൾക്കൃഷി
(ഡി) കുട്ടനാട്ടിലെ നെൽപ്പാടങ്ങൾ.
(ഇ) വനം വെട്ടിത്തെളിച്ച് കൃഷി ചെയ്യുന്നവ.

(ജെ) മേൽപ്പറഞ്ഞ നെൽക്കൃഷിസ്ഥലങ്ങളിൽ നിന്നും 1949 അവസാനത്തിലും 1954 അവസാനത്തിലും എത്ര പറ നെല്ല് വീതം വിളവെടുപ്പുണ്ടായി?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) താഴെ പറയുന്ന സൗജന്യങ്ങൾ ചെയ്തിട്ടുണ്ട്.

1. സൗജന്യനിരക്കിൽ വളം വിതരണംചെയ്തു. വളം കടമായി കൊടുത്തു
2. കൃഷി ആയുധങ്ങൾ സൗജന്യമായി വിറ്റു.
3. ഗുണപുഷ്ടിയുള്ള വിത്തുശേഖരിച്ച് കർഷകരുടെയിടയിൽ വിതരണംചെയ്തു.
4. പച്ചിലവളത്തിനുള്ള വിത്തുകൾ സൗജന്യനിരക്കിൽ വിതരണംചെയ്തു.
5. ജലസേചനത്തിനുതകുന്ന പമ്പിംഗ് സെറ്റുകൾ ഹയർ പർച്ചേസ് എർപ്പാടിലും വാടകയ്ക്കും നൽകി.
6. ആഹാരസാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനു് ഉതകത്തക്കവിധത്തിൽ കിണർ കുഴിപ്പിച്ചവർക്ക് ഗ്രാൻറ് നൽകിയിട്ടുണ്ട്.
7. കൃഷിയെ നശിപ്പിക്കുന്ന ഷഡ്പദങ്ങളെ നിവാരണം ചെയ്യുന്നതിനുള്ള പദാർത്ഥങ്ങൾ സൗജന്യനിരക്കിൽ വിതരണംചെയ്തു.
8. വിളവുമത്സരങ്ങൾ ഏർപ്പെടുത്തി സമ്മാനങ്ങൾ നൽകി.

(ബി) സൗജന്യനിരക്കിൽ വളം കടമായി കൊടുത്തു തുടങ്ങിയതു് 1946 മുതലാണു്. പമ്പിംഗ് സബ്സിഡി 1123 മുതൽ കൊടുത്തു തുടങ്ങി.

(സി) വളം കടമായി കൊടുത്തവകയിൽ 17,31,640 രൂപ ഈടായികഴിഞ്ഞിട്ടുണ്ട്. പമ്പിംഗ് ഇനത്തിൽ ഗവണ്മെൻറിലേയ്ക്ക് ഈടാകേണ്ടതുകകളില്ല.

(ഡി) വളം കടം കൊടുത്ത ഇനത്തിൽ ഇനിയും പിരിഞ്ഞുകിട്ടുവാനുണ്ട്.

(ഇ) 6,74,412 രൂ. 15 ണ. 9 പൈസ.

(എഫ്) 1123 മുതൽ പിരിയേണ്ടതുകകൾ ഉണ്ട്.

(ജി) മേൽ "എ" യ്ക്കു് മറുപടിയായി വിവരിച്ചിട്ടുള്ള സൗജന്യങ്ങൾ നെൽക്കൃഷിക്കാർക്കു് പൊതുവായിട്ടുള്ളതാണു്. അവയ്ക്കു പുറമേ കുട്ടനാട്ടിലെ പുഞ്ചക്കൃഷിക്കാർക്കു് പമ്പിംഗ് സബ്സിഡി, സൗജന്യനിരക്കിലുള്ള കാൽസിയം കാർബണേറ്റു വിതരണം, ബണ്ടു ഉറപ്പിക്കുന്നതിനുള്ള ധനസഹായം മുതലായ സൗജന്യങ്ങളും നൽകുന്നു.

(എച്ച്) ഉദ്ദേശം $8\frac{3}{4}$ (8.75) ലക്ഷംഏക്കർ സ്ഥലങ്ങൾ.

(ഐ)	(എ) ഉദ്ദേശം	1,45,000	ഏക്കർ
	(ബി) ,,	5,55,000	,,
	(സി) ,,	25,000	,,
	(ഡി) ,,	1,20,000	,,
	(ഇ) ,,	30,000	,,

LIBRARY ARCHIVES Kerala Legislative Assembly